## പതിനാലാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.824 — 30.01.2019 -ൽ മറുപടിയ്ക്ക്

### മലയാളം മിഷൻ

**ചോദ്യം**

ശ്രീ. വി.പി. സജീന്ദ്രൻ :

**ഉത്തരം**

**ശ്രീ. എ. കെ. ബാലൻ**
**പട്ടിക ജാതി പട്ടികവർഗ്ഗ**
**പിന്നോക്ക സമുദായ ക്ഷേമവും നിയമവും**
**സാംസ്കാരികവും പാർലമെന്ററികാര്യവും**
**വകുപ്പ് മന്ത്രി**

എ) മലയാളം മിഷൻ ഡയറക്ടർ കഴിഞ്ഞ 2 വർഷത്തിനുള്ളിൽ സർക്കാർ അനുമതിയോടുകൂടി ഏതൊക്കെ വിദേശ രാജ്യങ്ങളിൽ യാത്ര ചെയ്തിട്ടുണ്ട്; ഇതിനായി എത്ര തുക വിനിയോഗിച്ചിട്ടുണ്ട്; ഈ കാലയളവിൽ സർക്കാർ അനുമതിയില്ലാതെ ഡയറക്ടർ വിദേശയാത്ര ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

എ) മലയാളം മിഷൻ പ്രവർത്തനങ്ങൾ പ്രവാസി മലയാളികൾ താമസിച്ച് വരുന്ന രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി G.O.(Rt)No.547/2017/CLAD തീയതി 20.09.2017 ഉത്തരവ് പ്രകാരം ബഹു. സാംസ്കാരിക വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘത്തോടൊപ്പം യു.എ.ഇ., ബഹ്റൈൻ, ഒമാൻ, കുവൈറ്റ് എന്നീ രാജ്യങ്ങൾ മലയാളം മിഷൻ ഡയറക്ടർ സന്ദർശിച്ചിട്ടുണ്ട്. ആയതിലേക്കായി 3,94,008/-രൂപ മലയാളം മിഷൻ വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ 2018 മാർച്ച് 15 മുതൽ 18 വരെയുള്ള തീയതികളിൽ അബുദാബിയിൽ സംഘടിപ്പിച്ച മലയാളം മിഷൻ വിദ്യാർത്ഥികളുടെ പ്രവേശനോത്സവത്തിലും വിവിധ മലയാളി സംഘടനകളുടെ സംയുക്ത യോഗത്തിലും പങ്കെടുക്കുന്നതിനും മാർച്ച് 30 ന് ഫുജൈറയിൽ നടന്ന മലയാളം മിഷൻ പ്രവേശനോത്സവത്തിലും ചാപ്റ്റർ രൂപീകരണ യോഗത്തിലും പങ്കെടുക്കുന്നതിനുമായി മലയാളം മിഷൻ ഡയറക്ടർക്ക് സ.ഉ.(സാധാ) നം.280/2018/സാം.കാ.വ. തീയതി 04/04/2018 ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതിലേയ്ക്കുള്ള ചെലവുകൾ മലയാളി സംഘടനകളാണ് വഹിച്ചത്. സർക്കാർ അനുമതിയില്ലാത്ത വിദേശ യാത്രകളൊന്നും മലയാളം മിഷൻ ഡയറക്ടർ നടത്തിയിട്ടില്ല.

ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലയാളം മിഷനിൽ ഏതൊക്കെ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; പ്രസ്തുത നിയമന

ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലയാളം മിഷനിൽ പ്രൊഫ. സുജ സൂസൻ ജോർജ്ജ് - ഡയറക്ടർ, ശ്രീ. എം. സേതുമാധവൻ - രജിസ്ട്രാർ, ശ്രീ. എൻ. തിബീൻ - ഫിനാൻസ് ഓഫീസർ,

ങ്ങൾ നിയമാനുസൃതമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ശശി എം. ടി. - ഭാഷാധ്യാപകൻ, ശ്രീ. ഷോമി ജോസ് - അസിസ്റ്റന്റ് എന്നീ നിയമനങ്ങളും അക്കൗണ്ടന്റ് തസ്തികയിൽ ശ്രീമതി ലക്ഷ്മി നായർ എം. എൻ. നെയും പി.ആർ.ഒ. തസ്തികയിൽ ശ്രീമതി ദീപ സെസ്സിൽ ജേക്കബിനെയും കൺസൾട്ടന്റ് തസ്തികയിൽ ശ്രീ. ആർ. മുകുന്ദൻ പിള്ളയെയും കരാർ അടിസ്ഥാനത്തിലും ഡ്രൈവർ തസ്തികയിൽ ശ്രീ. സുധീർ കുമാർ എസ്സ്., സ്വീപ്പർ തസ്തികയിൽ ശ്രീമതി ഫബിയോള ഇ. എന്നിവരെ ദിവസവേതനാടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്. ടി നിയമനങ്ങൾ നിയമാനുസൃതമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

Indhu

**സെക്ഷൻ ഓഫീസർ**